# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6596. 21.11.2019 ൽ മറുപടിക്ക്

### പാലക്കാട് പിരായിരി വില്ലേജ് വിഭജനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് താലൂക്കിലെ പിരായിരി വില്ലേജിൽ ആവശ്യത്തിന് ജോലിക്കാർ ഇല്ലാതെ അപേക്ഷകർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ പിരായിരി വില്ലേജിൽ അനുവദിക്കപ്പെട്ട തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) പിരായിരി വില്ലേജിനെ വിഭജിച്ച് രണ്ടാക്കുന്ന കാര്യം പരിഗണിക്കാമോ; കൂടുതൽ ഉദ്യോഗസ്ഥരെ പിരായിരി വില്ലേജിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ വില്ലേജുകളിൽ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം തത്കാലം പരിഗണിക്കേണ്ടതില്ലായെന്ന പൊതുനിലപാട് ആണ് സ്വീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ